45

# ഒരു പുതിയ സംഘവും - കൂടുതലും (15:40-16:10)

ഒരു പുതിയ സ്ഥലത്ത് സുവിശേഷം പ്രസംഗിക്കുവാൻ പോകുന്ന സംഘത്തിൽ ഒരു ഭാഗം ആകുന്നതു വിലയുള്ള കാര്യമാണ്. യേശു വേലക്കാരെ അയക്കുമ്പോൾ, അവൻ അവരെ ഈ രണ്ടായിട്ടാണ് അയച്ചത് (മർക്കൊസ് 6:7). ഒരു നിയമമായി, പൗലൊസ് തന്നെത്താൻ പ്രവർത്തിക്കുവാൻ ആഗ്രഹിച്ചില്ല.[1] വയലിൽ തനിച്ചു കഠിനാദ്ധ്വാനത്തിന് കുടുംബങ്ങളെ വിട്ടിരിക്കുന്നതു എനിക്കറിയാൻ സാധിച്ചിട്ടുണ്ട്. അവരുടെ ധൈര്യം, സമർപ്പണം ഞാൻ ആശ്ചര്യപ്പെട്ടിട്ടുണ്ട്, പക്ഷേ ഫലം വേദനാജനകമാണ്: ജോലിക്കാർ നിരാശയോടെ വിട്ടു പോകും, വിവാഹ ബന്ധം ഉലയും, മക്കൾ കർത്താവിന് നഷ്ടപ്പെടുകയും ചെയ്യും.

പൗലോസ് ബർന്നബാസോടും യോഹന്നാനോടും കൂടെ ഒന്നാമത്തെ യാത്രക്കു പോയപ്പോൾ, അവൻ ഒരുപക്ഷേ ഒരു സംഘത്തിന്റെ ഭാഗമാണെന്നും അതു നിരന്തരമായിരിക്കും എന്നു വിചാരിച്ചു കാണും. എങ്ങനെയായാലും, അതു യോഹന്നാൻ വിട്ടു പിരിയുന്നതു വരെ മാത്രമേ നീണ്ടു പോയുള്ളു (13:13). പിന്നെ, പൗലൊസ് രണ്ടാമത്തെ യാത്രക്കായി ചിന്തിച്ചു, അവനും ബർന്നബാസിനും "ഉഗ്രവാദം ഉണ്ടായി" അവർ വേർപിരിഞ്ഞു പോയി (15:39). പൗലൊസിനു വീണ്ടും സംഘത്തെ ഉണ്ടാക്കേണ്ടി വന്നു. നിങ്ങൾക്ക് സ്പോർട്സിൽ താല്പര്യം ഉണ്ടെങ്കിൽ,[2] അവർ കുറച്ചു നാൾ കഴിയുമ്പോൾ ടീമിനെ പുതുക്കും: ഹൈസ്ക്കൂളിലും കോളജിലും, കളിക്കാർ ബിരുദം നേടിപ്പോകും; ഔദ്യോഗികമായി ചിലർ പോകുമ്പോൾ, അവർ ടീം മാറും അല്ലെങ്കിൽ വിരമിക്കും. വിട്ടുപോകുന്നവർക്കു പകരം ഗുണനിലവാരമുള്ള കളിക്കാരെ കണ്ടെത്തുന്നതും പ്രയാസമാണെന്ന് അറിയാമല്ലോ. പൗലൊസിന്റെ ടീം പുതുക്കൽ സ്പോർട്സിനേക്കാൾ അതിരറ്റ

പ്രാധാന്യം ഉള്ളതായിരുന്നു; അവനു ശരിയായവനെ കണ്ടെത്തേണ്ടി യിരുന്നു, അല്ലെങ്കിൽ അതു കർത്താവിന്റെ വേലയെ ബാധിക്കും! അവർ സ്മരണാർത്ഥമായ ഒരു പ്രവൃത്തിയെ നേരിട്ടിരുന്നു.

ഈ പാഠത്തിൽ, പൗലൊസിന്റെ രണ്ടാമത്തെ മിഷണറി യാത്രയെയാണ് നാം പഠിക്കുന്നത് – വിപുലമായ മേഖലകൾ താൻ ഒരിക്കലും സുവിശേഷീകരണത്തിന്റെ സ്വപ്നത്തിൽ പോലും വിചാരിക്കാത്ത ദൂരത്തിൽ പോകുവാനൊരുങ്ങുന്നു. ഈ യാത്രയുടെ ആരംഭഘട്ടത്തിൽ, പൗലൊസ് തനിക്കു ചുറ്റും ഒരു പുതിയ ടീം സഹപ്രവർത്തകരെ എടുത്തു – അവരിൽ മിക്കപേരും തന്റെ ആയുഷ്ക്കാലം മുഴുവൻ കൂടെ നിന്നു.[3] അവർ ഒരു ടീമിനേക്കാൾ കൂടുതൽ അടുത്തു; അവർ അവന്റെ ഏറ്റവും അടുത്ത സ്നേഹിതന്മാരായി.

### ആശ്രയിക്കാനുള്ള ചിലർ (15:40, 41)

പൗലൊസും ബർന്നബാസും കൂട്ടു പിരിഞ്ഞതുകൊണ്ട്, പൗലൊസ് രണ്ടാമത്തെ യാത്രക്കു ശീലാസിനെ കൂട്ടുപിടിച്ചു. കഴിഞ്ഞ ഒരു പാഠത്തിൽ നാം ശീലാസിനെ കണ്ടു; അവൻ പ്രവാചകനായിരുന്നു (15:32). യെരുശലേം സഭയിൽ "പ്രമാണപ്പെട്ടവരിൽ" ഒരാളുമായിരുന്നു (ഒരു പക്ഷേ ഇടവകയിലെ ഒരു മൂപ്പനും ആയിരുന്നേക്കാം[4]) (15:22). യെരുശലേം സഭയിൽ നിന്നു ലേഖനം കൊടുക്കുവാനായിരുന്നു അവർ പൗലൊസിനോടും, ബർന്നബാസിനോടും, കൂടെ അന്ത്യോക്ക്യയിലേക്കു വന്നത്. അന്ത്യോക്ക്യയിലായിരുന്നപ്പോൾ, അവൻ സഹോദരന്മാരെ ഉപദേശിക്കയും പഠിപ്പിക്കയും, പ്രബോധിപ്പിച്ച് ശക്തിപ്പെടുത്തുകയും ചെയ്തു (15:32). സ്പഷ്ടമായി, പൗലൊസ് അവനിൽ പ്രകടമായ കഴിവുകൾ ക ണ്ടു, ആത്മാവിൽ ഐക്യതയും കണ്ടു. ബർന്നബാസിനു പകരം ആർ എന്ന് പൗലൊസ് ചിന്തിച്ചപ്പോൾ അവന്റെ മനസിലേക്കു ശീലാസ് വന്നു.[5]

ഒന്നാമത്തെ യാത്രയിൽ സ്ഥാപിച്ച ഇടവകകൾ സന്ദർശിക്കുവാൻ പൗലൊസ് തീരുമാനിച്ചപ്പോൾ ശീലാസ് യോജിച്ച പങ്കാളി തന്നെ ആയിരുന്നു.[6] പൗലൊസിനെപ്പോലെ, അവനും ദൈവശ്വാസിയമായി സംസാരിക്കാൻ കഴിഞ്ഞിരുന്നു, അങ്ങനെ ജോലി ഭാരം പങ്കിടുവാൻ അവനു കഴിഞ്ഞു. പൗലൊസിനെപ്പോലെ, അവൻ റോമാ പൗരനായി രുന്നു (16:37), അതുകൊണ്ട് അവനു പൗലൊസിനുണ്ടായിരുന്ന രാഷ്ട്രീയാവകാശം ഉണ്ടായിരുന്നു. ആ യാത്രക്കു അവനു പ്രത്യേക യോഗ്യതയും ഉണ്ടായിരുന്നു: അവൻ അന്ത്യോക്ക്യയിൽ ചെയ്തതു (16:4) ലേഖനം അന്ത്യോക്ക്യയിൽ കൊടുത്തപ്പോൾ അതിന്റെ ആത്മാർത്ഥത ഉറപ്പിക്കുക (15:22, 27).

പൗലൊസ് തന്റെ ടീമിലേക്കു ശീലാസിനെ ചേർത്തു, തന്റെ രണ്ടാമത്തെ യാത്രയിൽ ഭാരം കുറച്ചു യാത്ര തുടർന്നു: "പൗലോസോ, ശീലാസിനെ തിരഞ്ഞെടുത്തു സഹോദരന്മാരാൽ കർത്താവിന്റെ കൃപയിൽ ഭരമേല്പിക്കപ്പെട്ടു" (വാക്യം 40). ഒരിക്കൽകൂടി, ചില രീതിയിൽ (ഔപചാരികമോ, അനൗപചാരികമോ), അന്ത്യോക്ക്യയിലെ സഹോദരന്മാർ ഇടവകയുടെയും കർത്താവിന്റെയും അനുഗ്രഹത്താൽ യാത്ര അയച്ചു.

ബർന്നബാസ് യോഹന്നാനെയും കൂട്ടി കുപ്രൊസിലേക്കു പോയി (വാക്യം 39), ഒന്നാം യാത്രയിലെപ്പോലെ പൗലൊസ് ഇപ്പോൾ കപ്പലി ലല്ല പോകുന്നത്. പകരം, തർസൊസിലെ അവന്റെ പത്തോ അതിലധി കമോ വർഷത്തെ താമസ കാലയളവിൽ സ്ഥാപിക്കപ്പെട്ടതായ സഭ കൾ വീണ്ടും സന്ദർശിക്കാൻ ശീലാസിനേയും കൂട്ടി പുറപ്പെട്ടു. അവൻ "യാത്ര പുറപ്പെട്ടു സുറിയ, കിലിക്യാ ദേശങ്ങളിൽ കൂടി സഞ്ചരിച്ചു സഭകളെ ഉറപ്പിച്ചു പോന്നു" (വാക്യം 41)[7] യെരുശലേമിൽ നിന്നുള്ള ലേഖനം ആ സഭകൾക്കു വേണ്ടിയും എഴുതിയതായിരുന്നു (വാക്യം 23); ലേഖനം മുൻപ് അവർക്കു എത്തിച്ചു കൊടുത്തിരുന്നില്ലെങ്കിൽ, പൗലൊസും ശീലാസും തീർച്ചയായും ഈ സമയത്ത് അതു അവരെ ഏല്പിച്ചിരിക്കും.[8]

### പരിശീലിപ്പിക്കേണ്ടതിന്നു ചിലർ (16:1-5)

അവരുടെ പ്രവൃത്തി സുറിയയിലും കിലിക്യയിലും പൂർത്തിയാ ക്കിയശേഷം, പൗലൊസും ശീലാസും പടിഞ്ഞാറോട്ട് യാത്ര തിരിച്ചു. കിലിക്യയുടെ താഴ്ന്ന പ്രദേശങ്ങളെ വിട്ട്, അവർ പരുപരുത്ത തർസൊസ് പർവ്വതങ്ങൾ കയറി കിലിക്യ ഗോപുരം എന്നറിയപ്പെടുന്ന സ്ഥലവും കടന്ന്,[9] ഒടുവിൽ ദക്ഷിണ ഗലാത്യാ പീഠഭൂമിയിലെത്തി, അവിടെ പൗലൊസിന്റെ ഒന്നാമത്തെ യാത്രയിൽ അവൻ അദ്ധ്വാനിച്ചി രുന്നു: "അവൻ ദെർബ്ബയിലും ലുസ്ത്രയിലും ചെന്നു" (വാക്യം 1). പടിഞ്ഞാറു നിന്നല്ല കിഴക്കു നിന്നാണ് പൗലൊസ് യാത്ര പുറപ്പെട്ടതു അതുകൊണ്ട്, ലുസ്ത്രക്ക് മുൻപ് ദെർബ്ബയെ പറഞ്ഞിരിക്കുന്നു (പൗലൊസ് ദെർബ്ബയിൽ ചെന്നപ്പോൾ, അവർ ബർന്നബാസ് എവിടെ എന്നു ചോദിച്ചപ്പോൾ - പൗലൊസ് എന്തു മറുപടി പറഞ്ഞിരിക്കും എന്നു, ഞാൻ അതിശയിക്കുന്നു).

പൗലൊസ് ലുസ്ത്രയിൽ എത്തിയപ്പോൾ,[10] "അവിടെ വിശ്വാ സ മുള്ളൊരു യെഹൂദ സ്ത്രീയുടെ മകനായി തിമൊഥെയോസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. അവന്റെ അപ്പൻ യവനൻ ആ യിരുന്നു" (വാക്യം 1) ഇവിടെ [പൗലൊസിന്റെ] അറിയപ്പെട്ടവരിൽ ഏ റ്റവും "അടുത്ത സ്നേഹിതൻ ആയിത്തീർന്ന ഒരാളെയാണ് പരിചയപ്പെ ടുന്നത്,"[11] "വിശ്വാസത്തിൽ പുത്രൻ ജഡത്തിലായിരുന്നില്ല ഒരിക്കലും."[12]

2 തിമൊഥെയൊസ് 1:5-ൽ നിന്നും തിമൊഥെയൊസിന്റെ അമ്മ "ഒരു യെഹൂദ സ്ത്രീയും വിശ്വാസിയും ആയിരുന്നു എന്നും," അവളുടെ പേർ യൂനീക്ക എന്നും നമുക്കറിയാം. അവനു ലൂവീസ് എന്ന ഒരു വലിയമ്മയും ഉണ്ടായിരുന്നു. അവന്റെ ബാല്യം മുതൽ, ഈ ദൈവഭ ക്തരായിരുന്ന രണ്ടു സ്ത്രീകളും അവനെ തിരുവെഴുത്ത് പഠിപ്പിച്ചി രുന്നു (2 തിമൊഥെയൊസ് 3:15), അവനിൽ ദൈവത്തിലും അവന്റെ വചനത്തിലും ആഴമേറിയ വിശ്വാസം കടത്തിവിട്ടു (2 തിമൊഥെയൊസ് 1:5). പൗലൊസ് ആദ്യം ലുസ്ത്രയിൽ വന്നപ്പോൾ, ലൂവിസും യൂനി ക്കയും മാത്രമല്ല പരിവർത്തനം ചെയ്തതു,[13] എന്നാൽ യുവാവായി രുന്ന തിമൊഥെയൊസും - അവൻ പത്തു പതിനഞ്ചു വയസുള്ളവ നായിരുന്നു[14] - അവനും സ്നാനമേറ്റിരുന്നു.[15]

ഏറ്റവും മുഖ്യമായി തന്റെ ആത്മീയ ക്ഷേമം ആഗ്രഹിക്കുന്ന അപ്പനും അമ്മയും വലിയപ്പനും വലിയമ്മയും ഉണ്ടായിരിക്കുക എത്ര ഭാഗ്യമാണ് ഒരു കുട്ടിയെ സംബന്ധിച്ചു! നിങ്ങൾക്കു മക്കളും അവരുടെ മക്കളും ഉണ്ടെങ്കിൽ അവരെ ദൈവമക്കളായി വളർത്തേണ്ട ഉത്തരവാദിത്വം നിങ്ങൾക്കുണ്ട് – അവരെ കർത്താവിന്റെ വഴിയിൽ പഠിപ്പിച്ച് വളർത്തുക എന്നതു വലിയൊരു കർത്തൃസേവയാണ്![16] യൂനിക്ക ദൈവസേവനത്തിൽ മറ്റെന്തൊക്കെ ചെയ്തു എന്നെനിക്കറിയില്ല, കർത്താവിനു ഉപയോഗിക്കുന്ന രീതിയിൽ ഒരു കുട്ടിയെ വളർത്തുന്നതിനേക്കാൾ വലിയൊരു പ്രവൃത്തി അവർ ചെയ്തിരിക്കാനിടയില്ല!

ലൂവിനും യൂനിക്കയും "അവനെ [തിമൊഥെയൊസിനെ] ബാലൻ നടക്കേണ്ടുന്ന വഴിയിൽ അഭ്യസിപ്പിച്ചു, ..." (സദൃശവാക്യങ്ങൾ 22:6). മറ്റാരിൽ നിന്നും അധികം സഹായം ലഭിക്കാതെ അവരതു ചെയ്തു. ലുസ്ത്രയിൽ പള്ളിയോ, ഗുരുവോ തിമൊഥെയൊസിനെ പഠിപ്പിക്കുവാൻ ഉണ്ടായിരുന്നില്ല.[17] കൂടാതെ, യൂനിക്ക ജാതിയിൽപെട്ട ഒരാളെയാണ് വിവാഹം കഴിച്ചിരുന്നത്[18] അവൻ അവളുടെ വിശ്വാസം പങ്കിട്ടിരുന്നില്ല ഒരുപക്ഷേ അവളുടെ മതപരിശീലനത്തെ എതിർക്കയും ചെയ്തിരിക്കാം.[19] നിങ്ങൾക്കു ചെറുമക്കൾ ഉണ്ടെങ്കിൽ നിങ്ങളെ യുനിക്കയുടെ കഷ്ടസ്ഥിതിയിൽ നോക്കി,[20] തിമൊഥെയൊസ് എങ്ങനെ തിരിഞ്ഞു ഹൃദയം കവർന്നു എന്നു കാണുക.

സമയാസമയങ്ങളിൽ, ഞാൻ വേല ചെയ്ത സ്ഥലങ്ങളിൽ വീണ്ടും മടങ്ങിപ്പോയിട്ടുണ്ട്. മാറ്റമില്ലാതെ, എന്റെ അനുഭവത്തിൽ സന്തോഷവും ദു:ഖവും ഒരുപോലെ നിറഞ്ഞിട്ടുണ്ട്: ചിലർ വീണുപോയതിൽ എനിക്ക് ദു:ഖം ഉണ്ടായിട്ടുണ്ട്, എന്നാൽ ചിലരുടെ ആത്മിയവളർച്ച എനിക്ക് അതിയായ ആനന്ദമുണ്ടാകുകയും ചെയ്തു. ആ യുവാവായിരുന്ന തിമൊഥെയൊസിൽ കണ്ട വളർച്ചകൾ പൗലൊസ് അതീവ സന്തുഷ്ടനായിരുന്നേക്കാം. അപ്പോൾ അവൻ ഇരുപതുകളിൽ[21] ആയിരുന്നേക്കാം, അവൻ "ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യം കൊണ്ടവൻ ആയിരുന്നു" (16:2). ഇക്കോന്യ ലുസ്ത്രയിൽ നിന്നു അല്പം ദൂരെ സ്ഥിതി ചെയ്തിരുന്നതുകൊണ്ട്,[22] തിമൊഥെയൊസ് വിസ്തൃതമായ സ്ഥലങ്ങളിൽ കർത്താവിനെ സേവിച്ചുകൊണ്ടിരുന്നു. ഒരുപക്ഷേ ഒരു ഉപദേഷ്ടാവ് എന്ന നിലയിൽ അവൻ അപ്പോൾ തന്നെ ആദരിക്കപ്പെട്ടു കഴിഞ്ഞു.[23] ഒരു സമയം, ലുസ്ത്രയിലെ ഇടവകയിലെ മൂപ്പന്മാർ അവന്റെമേൽ കൈവച്ചു കഴിഞ്ഞിരിക്കും, ഒരു സുവിശേഷകനായി വേർതിരിക്കേണ്ടതിന് (1 തിമൊഥെയൊസ് 4:14);[24] പൗലൊസ് എത്തുന്നതിനു മുൻപു തന്നെ അതു സംഭവിച്ചിരിക്കാം.

എല്ലാ യൗവ്വനക്കാരെയും പോലെ, തിമൊഥെയോസും പരുപരുത്ത വക്കിൽ കൂടെ ഓടി നടന്നിരിക്കാം. അതിനു പുറമെ, അവൻ ഒരു ഭീരുവും[25] ശാരീരികമായ പല അസുഖങ്ങളും ഉള്ളവനും ആയിരുന്നു (1 തിമൊഥെയൊസ് 5:23) എന്നിട്ടും, അവനിൽ അതിശയിപ്പിക്കുന്ന ശക്തി പൗലൊസ് കാണുകയും തന്റെ ടീമിൽ ദീർഘകാലം അവനെ പങ്കാളിയാക്കുകയും ചെയ്തു. ബർന്നബാസ് യോഹന്നാന് ചെയ്യുവാൻ ആഗ്രഹിച്ചത് പൗലൊസ് തിമൊഥെയൊസിനോടു ചെയ്തു:

ദൈവരാജ്യത്തിൽ വലിയ ശുശ്രൂഷകനായി പരിശീലിപ്പിച്ചു. ഒരുപക്ഷേ തിമൊഥെയൊസിനെ ഭാവിയിൽ തന്റെ പ്രവൃത്തി ചെയ്യുവാൻ ഒരാളെ അവനിൽ കണ്ടിരിക്കാം (2 തിമൊഥെയൊസ് 2:2).

പ്രവൃത്തികൾ 16:3 പറയുന്നു, "അവൻ തന്നോടു കൂടെ പോരേണം എന്നു പൗലൊസ് ഇച്ഛിച്ചു." തിമൊഥെയൊസ് യുവാവായിരുന്നു അവന്റെ അപ്പൻ മരിച്ചുപോയിരുന്നു,[26] അതുകൊണ്ട് യുനീക്ക ആയിരുന്നു തീരുമാനിക്കേണ്ടതു തിമൊഥെയൊസ് പൗലൊസിനോടു കൂടി പോകണോ വേണ്ടയോ എന്ന്. യൂനീക്ക അവനെ പോകാൻ അനുവദിച്ചതിൽ ഞാൻ അവളെ അനുമോദിക്കുന്നു. ഒരു നിമിഷത്തേക്ക്, ആ അമ്മയുടെ സ്ഥാനത്ത് നിങ്ങളെ സങ്കല്പിക്കുക: പൗലൊസിന്റെ ജീവൻ എടുക്കാൻ നിലവിളിക്കുന്ന പുരുഷാരത്തിന്റെ ആരവം നിങ്ങൾക്കു കേൾക്കാം. നിങ്ങൾ കണ്ണടച്ചാലും നുറുങ്ങപ്പെട്ട അവന്റെ ശരീരത്തിലൂടെ ഒഴുകിയ രക്തത്തിന്റെ ചിത്രം നിങ്ങളുടെ മനസിൽ നിന്നു മായുകയില്ല. ഇപ്പോൾ, വേട്ടയാടപ്പെടുന്ന മൃഗത്തെപ്പോലെ കഴിയുന്ന ആ മനുഷ്യൻ വന്നു പറയുന്നു, "നിങ്ങളുടെ മകനെ എന്റെ ജീവിതം പങ്കിടുവാൻ എന്നോടൊപ്പം അയക്കണം." നിങ്ങൾ എന്തു പറഞ്ഞിരിക്കും? ധാരാളം അമ്മമാർ എന്തു പറയുമെന്ന് എനിക്ക് അറിയാം. എന്റെ അനുഭവത്തിൽ, മിഷൻ പ്രവർത്തനത്തിന് പോകാതിരിക്കുവാൻ മനസ്സു മാറ്റുന്നതിന്റെ ഒന്നാമത്തെ കാരണം അവരുടെ അമ്മമാരുടെ കരച്ചിലാണ്, "ദയവായി എന്നെ വിട്ടുപോകരുത്! നീ അത്ര ദൂരം പോകുന്നതു എനിക്ക് താങ്ങാൻ ആവുകയില്ല!" അല്ലെങ്കിൽ "ദയവായി എന്റെ കൊച്ചുമക്കളെ എന്നിൽ നിന്നു എടുത്തു കളയരുതേ!"[27] അടിച്ചു തകർക്കപ്പെട്ട ഒരു മിഷണറി വന്നു ഈ അമ്മമാരോട്, "എന്നോടു കൂടി കഷ്ടം സഹിക്കുവാൻ നിങ്ങളുടെ മകനെ വിടുക എന്നു പറഞ്ഞാൽ അവർ എന്തു ചെയ്യും"? കർത്താവിന്റെ വേലക്കായി തങ്ങളുടെ മക്കളെ അയക്കുന്ന മാതാപിതാക്കളെ ദൈവം അനുഗ്രഹിക്കും, യൂനിക്കയെപ്പോലെ അവർ പറയും, "നിന്നെ എന്നോടൊപ്പം സൂക്ഷിക്കുന്നതാണെനിക്കിഷ്ടം, എന്നാൽ ദൈവവേലയാണ് എന്റെ ആഗ്രഹങ്ങളെക്കാൾ വലുത്. ഒരമ്മ എന്ന നിലയിൽ, നിന്നെക്കുറിച്ചുള്ള വിഷമങ്ങൾ ഞാൻ എന്നിൽ സൂക്ഷിക്കും – എന്നാൽ ദൈവം നിന്നെ കാക്കും എന്നു ഞാൻ വിശ്വസിക്കുന്നു. എന്റെ അനുഗ്രഹത്തോടെ പൊയ്ക്കൊൾക."

തിമൊഥെയൊസ് ടീമിൽ ചേർന്നു; ഇപ്പോൾ രണ്ടു മൂന്നായി തീർന്നു. പൗലൊസ്, പിന്നെ വിസ്മയാവഹമായതു, ഏതാണ്ട് ഞെട്ടിക്കുന്നതു ചെയ്തു: "അവൻ അവനെ [തിമൊഥെയൊസിനെ] അവന്റെ അപ്പൻ യവനൻ ആയിരുന്നതുകൊണ്ട്, പരിഛേദന കഴിപ്പിച്ചു, ആ പ്രദേശത്തുള്ള യെഹൂദന്മാർ നിമിത്തം ആയിരുന്നു. കാരണം അവന്റെ അപ്പൻ യവനനെന്ന് അവർ അറിഞ്ഞിരുന്നു"[28] (വാക്യം 3). ഇതും ജാതിയിൽപെട്ടയാൾ ക്രിസ്ത്യാനിയാകാൻ പരിഛേദന ഏല്ക്കണം എന്ന് യെഹൂദ ഉപദേഷ്ടാക്കൾ പറഞ്ഞതിനോട് പൗലൊസ് എതിർത്തതും ഒന്നാണോ (15:2)? യെരുശലേം യോഗത്തിനു പോയപ്പോൾ തിത്തൊസിനെ പരിഛേദന ഏല്പിക്കണമെന്ന് പറഞ്ഞപ്പോൾ പൗലൊസ് നിരാ

കരിച്ചതും ഒന്നുതന്നെയാണോ (ഗലാത്യർ 2:3)? പൗലൊസ് ഗലാത്യർക്കു ലേഖനമെഴുതുമ്പോൾ പറഞ്ഞതും ഒന്നുതന്നെയാണോ, "നിങ്ങൾ പരിഛേദന ഏറ്റാൽ ക്രിസ്തുവിനെക്കൊണ്ട് നിങ്ങൾക്കു ഒരു പ്രയോജനവുമില്ല" (ഗലാത്യർ 5:2)? പരിഛേദന ക്രിസ്ത്യാനികളിൽ അടിച്ചേല്പിക്കരുതെന്നുള്ള ലേഖനം പൗലൊസ് കൊണ്ടുവന്നതും ഇതും ഒന്നുതന്നെയൊ (16:4)?

പൗലൊസ് തിത്തൊസിനെ പരിഛേദന ഏല്പിക്കാതിരിക്കയും തിമൊഥെയൊസിനെ പരിഛേദന കഴിപ്പിക്കേണ്ടതു പ്രാധാന്യമുള്ളതെന്നും കണ്ടെത്തുവാൻ കാരണമെന്ത്? ഈ രണ്ടു സംഭവങ്ങളും തമ്മിലുള്ള വ്യത്യാസം പരിഗണിക്കുക. നമുക്കു തിത്തൊസിൽ നിന്നു തുടങ്ങാം: തിത്തൊസ് ജാതിയിൽ നിന്നുള്ളവനായിരുന്നു (ഗലാത്യർ 2:3). യെഹൂദ ഉപദേഷ്ടാക്കൾ ശഠിച്ചത് തിത്തൊസ് രക്ഷിക്കപ്പെടുവാൻ പരിഛേദന ഏല്പിക്കാൻ പൗലൊസ് സമ്മതിച്ചിരുന്നെങ്കിൽ (പ്രവൃത്തികൾ 15:1). അതു യെഹൂദ ഉപദേഷ്ടാക്കളുടെ ദുരുപദേശം വാദം സമാനാർത്ഥത്തിൽ ശരിയാണെന്നു വരും – അതുകൊണ്ട് പൗലൊസ് അത് അനുവദിച്ചില്ല. പൗലൊസ് തിത്തൊസിനെ പരിഛേദന ഏല്പിക്കാതിരുന്നത് *ഒരു തത്വകാര്യമായതു കൊണ്ടാണ്.*

നേരെ മറിച്ചു, തിമൊഥെയൊസിനു യെഹൂദ പശ്ചാത്തലമായിരുന്നു ഉണ്ടായിരുന്നത് (16:1), അവന്റെ രക്ഷയെ ആരും ചോദ്യം ചെയ്തിരുന്നുമില്ല. പൗലൊസ് എന്തുകൊണ്ട് അവനെ പരിഛേദന ഏല്പിച്ചു എന്നു നമ്മുടെ വേദഭാഗം പറയുന്നുണ്ട്: "... അവന്റെ അപ്പൻ യവനൻ എന്നു, അവിടങ്ങളിലുള്ള യെഹൂദന്മാർ അറിഞ്ഞിരുന്നു" (16:3). തിമൊഥെയൊസിന്റെ അമ്മ യെഹൂദസ്ത്രീ ആയിരുന്നതുകൊണ്ട്, തിമൊഥെയൊസിനെ യെഹൂദനായിട്ടാണ് യെഹൂദന്മാർ കരുതിയിരുന്നത്[29] – എന്നാൽ, അവൻ പരിഛേദന ഏല്ക്കാതിരുന്നതുകൊണ്ട്, സാങ്കേതികമായി അവനെ ഒരു യെഹൂദമതാനുസാരിയായിട്ടേ കാണുകയുള്ളു. നാം കണ്ടതുപോലെ, പൗലൊസ് ഒരു പട്ടണത്തിൽ ചെല്ലുമ്പോൾ ഒരു ടൗണിൽ പള്ളി ഉണ്ടെങ്കിൽ, അവൻ തന്റെ വേല അവിടെ ആരംഭിക്കും. എങ്ങനെയായാലും, തിമൊഥെയൊസിനെ പരിഛേദന കഴിപ്പിച്ചില്ലെങ്കിൽ, അവനെ പള്ളിയിൽ പ്രവേശിപ്പിക്കുമായിരുന്നില്ല. കൂടാതെ, പൗലൊസ് തിമൊഥെയൊസിന്റെ മതത്യാഗത്തെ അനുകൂലിക്കുന്നു എന്നു യെഹൂദന്മാർ വിചാരിക്കയും ചെയ്യും; അങ്ങനെ പൗലൊസും പള്ളിയിൽ പ്രവേശനം അസാദ്ധ്യമാകും. തിമൊഥെയൊസിനെ പൗലൊസ് പരിഛേദന ഏല്പിക്കാൻ തുനിഞ്ഞത് *ഒരു പ്രായോഗിക സൗകര്യം പ്രമാണിച്ചായിരുന്നു.*[30] "പ്രായോഗികമായ ഉദ്ധേശത്തിന് ചെയ്ത ഒരു ചെറിയ ശസ്ത്രക്രിയയായിരുന്നു തിമൊഥെയൊസിന്റെ പരിഛേദന – അതു സുവിശേഷശുശ്രൂഷയിൽ അവൻ കൂടുതൽ പ്രയോജനപ്പെടേണ്ടതിനായിരുന്നു."[31]

1 കൊരിന്ത്യർ 9 ലെ പൗലൊസിന്റെ പ്രസ്താവന പ്രായോഗിക പ്രദർശനമാണ് പ്രവൃത്തികൾ 16:3 ലേത്:

ഇങ്ങനെ ഞാൻ കേവലം സ്വതന്ത്രൻ എങ്കിലും അധികം പേരെ

> നേടേണ്ടതിനു ഞാൻ എന്നെത്തന്നെ എല്ലാവർക്കും ദാസനാക്കി. യെഹൂദന്മാരെ നേടേണ്ടതിനു ഞാൻ യെഹൂദന്മാർക്കു യെഹൂദനെപ്പോലെ ആയി ... ഏതു വിധത്തിലും ചിലരെ രക്ഷിക്കേണ്ടതിനു, ഞാൻ എല്ലാവർക്കും എല്ലാമായിത്തീർന്നു (19:22).

1 കൊരിന്ത്യർ 9ലും പ്രവൃത്തികൾ 16 ലും ഒരു പ്രധാന തത്വം കാണാൻ കഴിയും: നാം സുവിശേഷവുമായി ആളുകളെ സമീപിക്കുമ്പോൾ, *സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്യാതെ ആത്മാക്കളെ നേടുവാൻ എത്രത്തോളം പോകാമോ അത്രത്തോളം പോകാം.* തിത്തൊസിനെ പരിഛേദന ഏല്പിച്ചാൽ സത്യത്തിനു വിട്ടുവീഴ്ച ചെയ്യുകയാവും ഫലം. എന്നാൽ തിമൊഥെയൊസിന്റെ പരിഛേദന സത്യത്തിനു വിട്ടുവീഴ്ച ചെയ്യുന്നതായിരുന്നില്ല, എന്നാൽ അത് ദുഷ്കീർത്തി നീക്കുന്നതായിരുന്നു.

ആധുനിക ചിത്രീകരണങ്ങൾ വർദ്ധിപ്പിക്കാൻ കഴിയും. ഞങ്ങൾ ആസ്ത്രേലിയയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നപ്പോൾ, അമേരിക്കയിൽ ഉപയോഗിക്കുന്ന പൊതുവായ പല വാക്കുകളും ആസ്ത്രേലിയാക്കാർക്ക് അതു അപക്വമോ, മോശമോ ആയിട്ടാണ് കരുതിയത് ഞങ്ങൾ പഠിപ്പിക്കുന്നവർക്കു ഇടർച്ചയുണ്ടാകാതിരിക്കാൻ ആ വാക്കുകൾ ഞങ്ങൾ അവരോട് ഉപയോഗിച്ചില്ല. ലോകത്തിൽ നിരവധി രാജ്യത്തിൽ വീട്ടിൽ പ്രവേശിക്കുന്നതിനു മുൻപു ഷൂ ഊരി വെക്കും. അങ്ങനെ ചെയ്തില്ലെങ്കിൽ അതു ആതിഥേയരെ അപമാനിക്കുകയാണ്. ചില രാജ്യങ്ങളിൽ, ഇടതുകൈ കൊണ്ട് എന്തെങ്കിലും വച്ചു കൊടുക്കുന്നത് ഇഷ്ടപ്പെടുകയില്ല. അവിടെ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന മിഷണറിമാർ അവിടെയുള്ളവർക്കു ഇടതുകൈ കൊണ്ട് ഒന്നും കൊടുക്കാതിരിക്കണം. ഇതൊന്നും സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്യുന്നതല്ല. അവ സംഭവിക്കുന്നത് നമുക്കും നാം സുവിശേഷം അറിയിക്കുന്നവർക്കും ഇടയിലെ തടസങ്ങൾ നീങ്ങുന്നതിനാണ്.

എങ്ങനെയായാലും, ഒരു പ്രാദേശിക ആചാരം സത്യത്തിനു വിട്ടുവീഴ്ച്ച ചെയ്യുന്നതാണെങ്കിൽ അതു എല്ലായ്പ്പോഴും എളുപ്പമായിരിക്കയില്ല. "എപ്പോൾ ഉറച്ചു നില്ക്കണം, എപ്പോൾ പറ്റിച്ചേരണം ... എന്ന് ഒരു ജ്ഞാനിയായ ആത്മിയ പക്വതയുള്ള ആൾക്ക് അറിയാം"[32] ഇതുപോലെ പ്രയാസഘട്ടം വരുമ്പോൾ, ജ്ഞാനത്തിനായി ദൈവത്തോട് പ്രാർത്ഥിക്കയും (യാക്കൊബ് 1:5) പ്രായവും പക്വതയും വിശ്വാസത്താൽ ജ്ഞാനമുള്ളവരോട് സംസാരിക്കയും വേണം (സദൃശവാക്യങ്ങൾ 11:14).

തിമൊഥെയൊസിന്റെ പരിഛേദന നാം വിട്ടുപോകുന്നതിനു മുൻപു, അവൻ അതിനോടു യോജിച്ചതിനെ നാം ശ്രദ്ധിക്കേണ്ടതുണ്ട്. പരിഛേദന "ഒരു ചെറിയ ശസ്ത്രക്രിയയാണ്," എന്നാൽ അതിനു വേദനയുണ്ട് പറയാൻ നിവൃത്തിയില്ലാത്തതും ലജ്ജാവഹവുമാണ്. തിമൊഥെയൊസ് ഇന്നത്തെ യുവാക്കളെപ്പോലെയാണെങ്കിൽ, പറഞ്ഞിരിക്കും, "അതു ചെയ്യാൻ ഞാൻ ആരെയും സമ്മതിക്കയില്ല" അല്ലെങ്കിൽ "ഞാൻ പരിഛേദന ഏല്ക്കണമെന്ന് തിരുവെഴുത്തിൽ എവിടെ പറയുന്നു!" വേദനയും ലജ്ജയും തിമൊഥെയൊസിനു സഹിക്കേണ്ട ആവശ്യമി

ല്ലായിരുന്നു; അതു അവൻ തിരഞ്ഞെടുത്തതായിരുന്നു[33] എന്തിനാണ് അവൻ തന്നെ പരിഛേദനയ്ക്കു ഏല്പിച്ചു കൊടുത്തത്? കർത്താവിന്റെ നല്ല വേലക്കും നല്ല സ്വാധീനവുമുണ്ടാകേണ്ടതിന്നു. ശാഠ്യമുള്ള യുവാക്കൾ തങ്ങളുടെ കുടുംബത്തെ അവരുടെ വസ്ത്രധാരണം കൊണ്ടും പെരുമാറ്റത്താലും ലജ്ജിപ്പിക്കുന്നവർ; യുവാവായിരുന്ന തിമൊഥെയൊസിനെ കണ്ടു പഠിക്കണം.

തിമൊഥെയൊസിനെ പരിഛേദന കഴിച്ചയുടൻ, പൗലൊസ് തന്റെ യാത്രക്ക് ഒരുങ്ങുകയാണ്. തന്റെ കാലശേഷം പ്രവർത്തനം തുടരുവാൻ പറ്റിയ ഒരു യുവാവിനെ പരിശീലിപ്പിക്കുകയാണ്. യുവാക്കളെ കർത്തൃവേലക്ക് പരിശീലനത്തിനു എടുക്കുന്നതിനേക്കാൾ വേലക്കു ശക്തമായ കാര്യങ്ങൾ കുറെ എനിക്കറിയാം[34] – പരിശീലന വേളയിൽ ഒന്ന് – ഒന്നായി – കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ചില വഴികൾ എനിക്കറിയാം[35]. കർത്താവിനെ പ്രോത്സാഹിപ്പിക്കാവുന്ന ഒരു യുവാവ് നിങ്ങൾക്കിടയിൽ ഉണ്ടോ? നിങ്ങൾ ആരാധിക്കുന്ന സ്ഥലത്തു ചുറ്റും നോക്കുക. നിങ്ങൾക്കു പരിശീലിപ്പിക്കാൻ ആരെങ്കിലുമുണ്ടോ? നിങ്ങൾ യജമാനനെ സേവിക്കുമ്പോൾ നിങ്ങളോടൊപ്പം കൊണ്ടുപോകാൻ പറ്റുന്ന ആരെങ്കിലുമുണ്ടോ? രാജാവിനു വേണ്ടി പ്രവർത്തിക്കാൻ പോകുന്ന നിങ്ങൾ ചെയ്യുന്ന സുപ്രധാന സേവനമായിരിക്കും അത്.

ടീമിനു ഇറങ്ങേണ്ട സമയമായി. ഈ സമയത്ത് ഒരുപക്ഷേ ലുസ്ത്രയിലെ മൂപ്പന്മാർ തിമൊഥെയൊസിന്റെ മേൽ കൈവെച്ചിരിക്കാം (1 തിമൊഥെയൊസ് 4:14). ഒരു സമയത്ത് പൗലൊസും കൈവെച്ചിരുന്നു (2 തിമൊഥെയൊസ് 1:6), അവനു അത്ഭുത സിദ്ധി ലഭിക്കേണ്ടതിനായിരുന്നു എന്നതിൽ സംശയമില്ല. മൂപ്പന്മാരും പൗലൊസും ഒരുമിച്ച് ഒരു ശുശ്രൂഷ നടത്തിയതാകാം, കാരണം തിമൊഥെയൊസിനെ ഒരു വേലക്കായി വേർതിരിച്ച് അയക്കുകയാണ്.[36] ആ യുവാവിനെ യാത്ര അയക്കുന്ന രംഗം എന്റെ മനസിൽ സങ്കല്പിക്കാൻ കഴിയുന്നുണ്ട്, അവൻ അമ്മയെ വിട്ടുപോകുന്ന സങ്കടം മറക്കാൻ ശ്രമിക്കുന്നു, ലുസ്ത്രയിലെ സഹോദരങ്ങൾ കൈവീശുന്നു, പിന്നെ പൗലൊസും, ശീലാസുമായി മൺപാതയിലൂടെ അറിയപ്പെടാത്ത ഭാവിസ്ഥലങ്ങളെ ലക്ഷ്യമാക്കി നടന്നു.

ആ പുരുഷന്മാർ വടക്കോട്ടും, പിന്നെ പടിഞ്ഞാറോട്ടും നടന്നു, ഒന്നാമത്തെ യാത്രയിൽ – സ്ഥാപിച്ചതായ സഭകൾ ഇക്കോന്യ പിസിദ്യയിലെ അന്ത്യോക്ക്യ തുടങ്ങിയ മറ്റു പ്രദേശങ്ങളിലും സന്ദർശിച്ചിരിക്കാം.[37] "അവർ പട്ടണം തോറും ചെന്നു യെരുശലേമിലെ അപ്പൊസ്തലന്മാരും മൂപ്പന്മാരും വിധിച്ച നിർണ്ണയങ്ങൾ പ്രമാണിക്കേണ്ടതിന്നു അവർക്കു ഏല്പിച്ചു കൊടുത്തു"[38] (16:4). ഈ വാകൃത്തിലെ "അവർ" എന്ന വാക്കു ശ്രദ്ധിക്കുക. 15:40 മുതൽ 16:3 വരെ "അവൻ" എന്ന ഏകവചനമാണ് ഉപയോഗിച്ചത് എന്നു ശ്രദ്ധിക്കുക – പൗലൊസിന്റെ പ്രവർത്തനത്തിനു ഊന്നൽ കൊടുത്തുകൊണ്ടാണ് അത്. എങ്ങനെയായാലും, 16:4 ഊന്നൽ നല്കുന്നതു "അവർ" വിധി നിർണ്ണയം കൈമാറി എന്നാണ്. ആ വിധി നിർണ്ണയം യെരുശലേമിൽ നിന്നു തന്നെ

എന്നു ഉറപ്പിക്കുക എന്ന പ്രത്യേക ദൗത്യം ശീലാസും നിറവേറ്റി.

പൗലൊസിനെ ഒരിക്കൽ ആക്രമിച്ചു കൊല്ലുവാൻ ശ്രമിച്ച പ്രദേശങ്ങളിലൂടെയും ടൗണുകളിലൂടെയും ആണ് അവർ കടന്നുപോയത്. ഈ സമയം, എങ്ങനെയായാലും, മിഷണറിമാർക്കു സമാധാനയാത്ര നടത്താൻ കഴിഞ്ഞിരുന്നു എന്നു തോന്നുന്നു. ദൈവം അവരുടെ ദൗത്യത്തെ അനുഗ്രഹിക്കയും ചെയ്തു "അങ്ങനെ സഭകൾ വിശ്വാസത്തിൽ ഉറെക്കയും[39] എണ്ണത്തിൽ ദിവസേന പെരുകുകയും ചെയ്തു" (16:5).[40]

## ആരോ തിരിയുവാൻ (16:6-11)

സുവിശേഷ വിത്ത് വിതെക്കുവാൻ ഫലപ്രദമായ ഫ്രുംഗ്യ, ഗലാത്യ തുടങ്ങിയ സ്ഥലങ്ങൾ കണ്ടപ്പോൾ പൗലൊസിന് സന്തോഷമുണ്ടായി. പടിഞ്ഞാറ് ആസ്യയായിരുന്നു,[41] റോമാ സാമ്രാജ്യത്തിന്റെ ദക്ഷിണ ഭാഗത്തുള്ള ഈ പ്രദേശം അറിയപ്പെടുന്നതും സമ്പൽ സമൃദ്ധവുമായിരുന്നു. പൗലൊസും കൂട്ടരും ആസ്യയുടെ കേന്ദ്രമായ, എഫെസൊസ് ലക്ഷ്യമാക്കി,[42] "പൗരസ്ത്യർ ഈ വലിയ പട്ടണത്തിൽ കൂടെയാണ് പാശ്ചാത്യരെ നോക്കിയിരുന്നത്."[43] അവരെ അതിശയിപ്പിച്ചു കൊണ്ട്, അവരുടെ യാത്രാഗതിയെ മാറ്റി. "അവർ ആസ്യയിൽ വചനം പ്രസംഗിക്കരുതെന്ന്, പരിശുദ്ധാത്മാവ് വിലക്കയാൽ ഫ്രുംഗ്യയിലും ഗലാത്യദേശത്തിലും കൂടി സഞ്ചരിച്ചു" (വാക്യം 6). പരിശുദ്ധാത്മാവ് ആ സന്ദേശം അവരെ എങ്ങനെ അറിയിച്ചു കഴിഞ്ഞുവെന്ന് നമുക്ക് അറിയില്ല (ഒരുപക്ഷേ അത് പ്രവചനശബ്ദത്തിലൂടെയാകാം[44]), എന്നാൽ അവരുടെ മനസിൽ ദൈവം യാതൊരു സംശയവും ജനിപ്പിച്ചില്ല: അവർ ഈ സമയത്ത് ആസ്യയിലേക്ക് പോകരുത്.[45]

അവർ ആസ്യയിൽ എത്തിയപ്പോൾ, ധനികവും പ്രധാനപ്പെട്ടതുമായ, റോമാ പ്രദേശമായ ബിഥെന്യൊക്കു പോകുവാൻ അവർ ആഗ്രഹിച്ചു; വീണ്ടും അതു ദൈവ പദ്ധതിയായിരുന്നില്ല.[46] "ആസ്യയിൽ എത്തി ബിഥൊന്യക്കു പോകാൻ ശ്രമിച്ചു, യേശുവിന്റെ ആത്മാവോ അവരെ സമ്മതിച്ചില്ല" (വാക്യം 7) "യേശുവിന്റെ ആത്മാവു" തന്നെയാണ്. 6–ാം വാക്യത്തിലെ പരിശുദ്ധാത്മാവ്. ഈ പ്രത്യേക പദപ്രയോഗം[47] ഒരു പക്ഷേ തന്റെ മഹത്തായ ആജ്ഞാനിവർത്തീകരണത്തിൽ യേശു വ്യക്തിപരമായും ശക്തമായും ഉൾപ്പെടുന്നു എന്നു കാണിക്കുന്നു!

അവർക്കു തെക്കോട്ട് ആസ്യയിലേക്കും പോകാൻ കഴിഞ്ഞില്ല; അവർ പരാജയപ്പെട്ട മടങ്ങിയില്ലെങ്കിൽ, അവർക്കു പോകാവുന്നതു പടിഞ്ഞാറോട്ടു മാത്രം. സംശയമോ, സങ്കീർണ്ണതയോ കൂടാതെ അവർ ത്രോവാവിൽ എത്തി (വാക്യം 8), പുരാതന ത്രോയിലൂടെ അവശിഷ്ടങ്ങളിൽ നിന്നു കുറെ മൈലുകൾ അകലെയുള്ള തിരക്കേറിയ തുറമുഖവും റോമൻ കോളനിയുമായിരുന്നു. അവർ കിടക്കയിലേക്കു പോയപ്പോൾ നിരവധി ചോദ്യങ്ങൾ അവരുടെ മനസിലേക്കു കടന്നുവന്നിരിക്കാം, എന്നാൽ അതിനെല്ലാം രാത്രി ദൈവം മറുപടി കൊടുത്തു:

അവിടെ വെച്ച് പൗലൊസ് രാത്രിയിൽ മക്കെദൊന്യക്കാരനായോരു പുരുഷൻ, അരികെ നിന്നു: നീ "മക്കെദോന്യക്കു കടന്നുവന്നു ഞങ്ങളെ സഹായിക്ക" എന്നു തന്നോടു അപേക്ഷിക്കുന്നതായി ഒരു ദർശനം കണ്ടു. ഈ ദർശനം കണ്ടിട്ടു, അവരോടു സുവിശേഷം അറിയിപ്പാൻ ദൈവം ഞങ്ങളെ വിളിച്ചിരിക്കുന്നു എന്നു നിശ്ചയിച്ചു, ഞങ്ങൾ ഉടനെ മക്കെദൊന്യക്ക് പുറപ്പെടാൻ ശ്രമിച്ചു (വാക്യങ്ങൾ 9, 10).

ഈ പ്രസിദ്ധ "മക്കെദൊന്യ വിളി" യുമായാണ് നാം നമ്മുടെ അടുത്ത പാഠം തുടങ്ങുന്നത് – ഒരു പുതിയ വൻകര സുവിശേഷത്തിനു തുറന്നു കിട്ടുന്നതായും കാണാം. ഒരു നിമിഷം, എങ്ങനെയായാലും, 10–ാം വാക്യത്തിലെ രണ്ടു വാക്കുകളിൽ ശ്രദ്ധിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. "ദൈവം *ഞങ്ങളെ* സുവിശേഷം പ്രസംഗിപ്പാൻ വിളിച്ചിരിക്കുന്നു എന്നുറപ്പിച്ചു *ഞങ്ങൾ* മക്കെദൊന്യക്കു പോകുവാൻ തീരുമാനിച്ചു" (എംഫസിസ് മൈൻ). പ്രവൃത്തികളുടെ പുസ്തകത്തിന്റെ ലേഖകനായ ഡോ. ലൂക്കൊസ്, ഇവിടെ രണ്ടു വ്യക്തിപരമായ തന്നെയും ചേർത്ത് സർവ്വനാമങ്ങൾ ഉപയോഗിച്ചിരിക്കുന്നു. പൗലൊസ് തന്റെ ടീമിന്റെ നാലാമനെ ത്രോവാസിൽ കണ്ടുമുട്ടി.

പൗലൊസ് എങ്ങനെ ലൂക്കൊസിനെ കണ്ടുമുട്ടി? സ്വാഭാവികവും അനുയോജ്യവുമായ വിശദീകരണം പൗലൊസും തിമൊഥെയൊസും ഡോക്ടറെ തിരക്കിയിറങ്ങി (ഇതിനിടയിൽ പല വ്യാധികളും അവരെ ബാധിച്ചിരുന്നു) അങ്ങനെ ലൂക്കൊസിനെ കണ്ടുമുട്ടി,[48] എങ്ങനെയായാലും അതു സംഭവിച്ചു,[49] ദൈവകരുണയാൽ, പൗലൊസ് തന്റെ ടീമിൽ ഉൾപ്പെടുത്താവുന്ന വിലപ്പെട്ട ഒരംഗത്തെമാത്രമല്ല, ഒരടുത്ത സ്നേഹിതനെയും കണ്ടുമുട്ടി.

ലൂക്കൊസിനെക്കുറിച്ചു നമുക്കു കൂടുതൽ പറയാൻ കഴിയും. ഈ പരമ്പരയുടെ മുഖവുരയിൽ നാം ശ്രദ്ധിച്ചതുപോലെ, അവൻ ജാതിയിൽ പെട്ട ഒരുപക്ഷേ യവനൻ ആയിരിക്കാം (കൊലൊസ്യർ 40:10, 11, 14), പാരമ്പര്യമായി അന്ത്യോക്ക്യയിൽ നിന്നു – യേശുവിന്റെ ജീവിതത്തിനു ദൃക്സാക്ഷിയായിരിക്കും ഇടയില്ല (ലൂക്കൊസ് 1:2). പഠിച്ച്, പരിശീലനം ലഭിച്ച ഒരു വൈദ്യനായിരുന്നു (കൊലൊസ്യർ 4:14); പൗലൊസ് അവനിൽ കൈവച്ച ശേഷം, അവൻ ദൈവശ്വാസീയ പുരുഷനായിത്തീർന്നു. പൗലൊസിന്റെ കൂടെ യാത്ര ചെയ്തവൻ എന്ന നിലയിൽ അവൻ ധൈര്യശാലിയായിരുന്നു, ഒരു സമർപ്പിത സഭാനിർമ്മാതാവും, വിശ്വസ്ത സ്നേഹിതനും ആയിരുന്നു (ഫിലമോൻ 24; 2 തിമൊഥെയൊസ് 4:11).

ഈ സമയം ഞാൻ ശ്രദ്ധിക്കാൻ പോകുന്നതു ലൂക്കൊസിന്റെ രണ്ടു പങ്കിനെയാണ്: അവൻ പൗലൊസിന്റെ വൈദ്യനും വിശ്വസ്ത സ്നേഹിതനുമായി. 2 കൊരിന്ത്യർക്കെഴുതിയ ലേഖനത്തിൽ, പൗലൊസ് തന്റെ മാനസിക വ്യഥയും ("സകല സഭകളെയും" കുറിച്ചുള്ള "ചിന്താഭാരവും" [11:28]) ശാരീരിക വേദനയും (ക്ഷീണിപ്പിക്കുന്ന അവന്റെ "ജഡത്തിലെ മുള്ളും" [12:7–9]). പൗലൊസിനെ "തുടരുവാൻ സഹായിച്ചവനായിരുന്നു" ലൂക്കൊസ് എന്നു ഞാൻ വിചാരിക്കുന്നു. നിങ്ങൾ

തുടരുവാൻ നിങ്ങളെ സഹായിക്കുന്ന ആരെങ്കിലും ഉണ്ടോ? ഉണ്ടാകും എന്നു ഞാൻ കരുതുന്നു. അതിലും പ്രധാനമായി, മറ്റുള്ളവർ തുടരുവാൻ നിങ്ങൾ അവരെ സഹായിക്കുന്ന വ്യക്തിയായിട്ടുണ്ടോ? ലൂക്കൊസിനെപ്പോലെ, നിങ്ങൾക്കും മഹത്തായ സേവനമായ പിന്താങ്ങലും ശക്തിപ്പെടുത്തലും കണ്ടെത്താൻ കഴിയും. ത്രോവാസിൽ നിന്നും പൗലൊസും കൂട്ടരും കപ്പൽയാത്ര തുടർന്നപ്പോൾ, മൂവർ സംഘം നാൽവർ സംഘമായി. പൗലൊസിന്റെ "സ്വപ്നത്തിലുണ്ടായിരുന്ന ടീം"[50] പൂർണ്ണമായി.

**ഉപസംഹാരം**

ഒരു പ്രവാചകൻ, ഒരു ഉപദേഷ്ടാവ്, ഒരു വൈദ്യൻ: ഈ പുരുഷന്മാർ വൈവിധ്യതയുള്ളവരായിരുന്നു, എന്നാൽ എല്ലാവരും ഒരു പൊതു ഉദ്ദേശത്തിനു സമർപ്പിക്കപ്പെട്ടവർ ആയിരുന്നു, ഇന്നു നാം യൂറൊപ്പ് എന്നു വിളിക്കുന്ന വൻകരയിൽ അവരുടെ സാഹസങ്ങൾ നാം പരിചയപ്പെടുവാൻ പോകുന്നു.

നിങ്ങൾക്കു ആശ്രയിപ്പാൻ കഴിയുന്ന ആരെങ്കിലും ഉണ്ടാകും എന്നാണെന്റെ പ്രാർത്ഥന, നിങ്ങൾക്കു പരിശീലിപ്പിക്കുവാനും, തിരിക്കുവാൻ പറ്റുന്ന ആരെങ്കിലും ഉണ്ടാകും. ഇവരിൽ ആദ്യത്തെയും അവസാനത്തെയും നമ്മുടെ ക്രിസ്തീയ പങ്കാളിയിൽ നാം കാണുന്നു, രണ്ടാമത്തേത് നമ്മുടെ മക്കളിലും. നിങ്ങളുടെ സാഹചര്യം അതാണെങ്കിലും അല്ലെങ്കിലും, നിങ്ങൾക്കുള്ള അതേ ബോധ്യവും കരുതലും ഉള്ള പങ്കിടുവാൻ പറ്റുന്ന മറ്റുള്ളവർ ഒരു ടീം ആയി പ്രവർത്തിക്കാൻ ഉണ്ടാകട്ടെ എന്നു ഞാൻ ആശംസിക്കുന്നു.

> ഒരുവനേക്കാൾ ഇരുവർ ഏറെ നല്ലതു ... വീണാൽ ഒരുവൻ മറ്റേവനെ എഴുന്നേല്പിക്കും ഏകാകി വീണാലോ ... അവനെ എഴുന്നേല്പിക്കാൻ ആരും ഇല്ലായ്ക കൊണ്ട് അവന്നു അയ്യോ കഷ്ടം. ഒരുത്തനെ ആരെങ്കിലും ആക്രമിച്ചാൽ രണ്ടുപേർക്കും അവനോട് എതിർത്തു നില്ക്കാം, മുപ്പിരിച്ചരട് വേഗത്തിൽ അറ്റുപോകയില്ല (സഭാ പ്രസംഗി 4:9–12).

## പ്രസംഗക്കുറിപ്പുകൾ

പൊതുവായി സൗഹൃദബന്ധത്തെ പഠിപ്പിക്കുന്ന ഒരു പാഠമായും ഇതിനെ മാറ്റാം.

അതു ശീലാസ്, തിമൊഥെയൊസ്, ലൂക്കൊസ് എന്നിവരുടെ ജീവചരിത്രരൂപത്തിൽ നിങ്ങൾക്കു തയ്യാറാക്കാം ശീലാസിനെക്കുറിച്ചു കൂടുതൽ വിവരങ്ങൾക്കു കുറിപ്പുകൾ നോക്കുക. എന്നാൽ തിമൊഥെയൊസിനെ കുറിച്ചു കൂടുതൽ അറിയുവാൻ പ്രവൃത്തികളെക്കുറിച്ചുള്ള നമ്മുടെ പഠനത്തിൽ ഉണ്ട്. താഴെ കൊടുക്കുന്ന വാക്യങ്ങളും നിങ്ങൾക്കു പരിശോധിക്കാം: റോമർ 16:21; 1 കൊരിന്ത്യർ 4:17; 16:10, 11; 2 കൊരിന്ത്യർ 1:1, 19; ഫിലിപ്പിയർ 1:1; 2:19–23; കൊലൊസ്യർ 1:1; 1 തെസ്സ

ലൊനിക്യർ 1:1; 3:2, 5, 6; ഫിലേമോൻ 1; എബ്രായർ 13:23; പിന്നെ 1 ഉം 2 ഉം തിമൊഥെയൊസ് (പ്രത്യേകിച്ച് 1 തിമൊഥെയൊസ് 1:18; 4:12; 2 തിമൊഥെയൊസ് 1:2–4, 6; 4:9, 13). "പ്രവൃത്തികൾ 1–ാം" ലക്കത്തിലെ മുഖവുരയിൽ നിന്നു ലൂക്കൊസിനെ കുറിച്ചു നല്ല വിവരങ്ങൾ എടുക്കാം. നിങ്ങൾ ലൂക്കൊസിനെ കുറിച്ചുള്ള എല്ലാ വസ്തുതകളും മുൻപ് ഉപയോഗിച്ചിട്ടില്ലെങ്കിൽ ഇതാണ് പറ്റിയ സമയം.

---

കുറിപ്പുകൾ

[1]സന്ദർഭവശാൽ, അഥേന ഒഴികഴിവുള്ളതായിരുന്നു – ഫലം തൃപ്തികരമായിരുന്നില്ല. [2]പൗലൊസിന്റെ ഉദാഹരണത്തെ പിൻപറ്റി (1 കൊരിന്ത്യർ 9:24–27), ഞാൻ ഒരു കായിക സമാനത ഉപയോഗിച്ചു ഇതിനെ നിങ്ങളുടെ പ്രദേശത്തുള്ള സ്പോർട്സായി മാറ്റാം. [3]അവന്റെ മരണം വരെ തിമൊഥെയൊസും ലൂക്കൊസും പൗലൊസിനോടു കൂടെ പ്രവർത്തിച്ചു. [4]15:22 ന്റെ നോട്ടുകൾ ശ്രദ്ധിക്കുക. [5]ശീലാസ് പിന്നെ യെരുശലേമിലേക്കു മടങ്ങി (15:33, 34 ന്റെ നോട്ടുകൾ നോക്കുക). പിന്നീട് അവൻ അന്ത്യൊക്ക്യയിലെക്കു പോയോ അതോ പൗലൊസ് യെരുശലേമിൽ അവനെ വിട്ടയച്ചോ എന്നു നമുക്ക് അറിയില്ല. [6]ശീലാസ് പൗലൊസിനോട് തോളോട് തോൾ ചേർന്ന് രണ്ടാം മിഷണറി യാത്രയിൽ പ്രവർത്തിച്ചു (കഷ്ടതയേറ്റു) (16:19, 25, 29; 17:4, 10, 14, 15; 18:5). അവന്റെ പ്രവർത്തനം രണ്ട് കൊരിന്ത്യർ 1:19 സൂചിപ്പിക്കുന്നു (അവന്റെ പേരിന്റെ വകഭേദമാണ് "സിൽവാനോസ്") കൊരിന്തിൽ നിന്നു അപ്പൊസ്തലൻ തെസ്സലൊനിക്യർക്ക് എഴുതിയ രണ്ടു ലേഖനങ്ങളും പൗലൊസിനു വേണ്ടി എഴുതി എന്നു കരുതപ്പെടുന്നു (1 തെസ്സലൊനിക്യർ 1:1; 2 തെസ്സലൊനിക്യർ 1:1). രണ്ടാം യാത്രക്കു ശേഷം എന്തു ബന്ധമായിരുന്നു പൗലൊസിനും ശീലാസിനും ഉണ്ടായിരുന്നതെന്ന് നമുക്കറിയില്ല. പിന്നീട് ശീലാസ് പത്രൊസിന്റെ കൂട്ടുവേലക്കാരനും എഴുത്തുകാരനുമായിരുന്നു എന്നു നമുക്കറിയാം (1 പത്രൊസ് 5:12). [7]പൗലൊസിന്റെ ഒന്നാമത്തേയും രണ്ടാമത്തേയും യാത്രയുടെ ചിത്രം നോക്കുക. [8]കിലിക്യയിലായിരുന്നപ്പോൾ പൗലൊസ് തർസൊസിൽ പോയോ? അവന്റെ വീട്ടുകാർ അവനെ സ്വീകരിച്ചോ? [9]ലൂക്കൊസ് ഇതിന്റെ വിശദാംശങ്ങൾ നല്കുന്നില്ലെങ്കിലും, പ്രായോഗിക ഉദ്ദേശം നോക്കിയാൽ കിലിക്യയിൽ നിന്നു ഗലാത്യയിലേക്ക് ഇത് ഒരു വഴിയേ ഉള്ളൂ. [10]1–ാം വാക്യം മാത്രം പരിഗണിച്ചാൽ തിമൊഥെയൊസ് ഒന്നുകിൽ ലുസ്ത്രയിൽ നിന്നോ ദെർബ്ബയിൽ നിന്നോ ആയിരിക്കാം (പ്രകൃതിദത്തമായ "അവിടെ" എന്നതിന്റെ ലുസ്ത്രയുടെ പൂർവ്വസ്ഥിതി). എങ്ങനെയായാലും 2–ാം വാക്യം കൂടെ പരിഗണിച്ചാൽ, തിമൊഥെയൊസ് ലുസ്ത്രക്കാരനെന്ന് ഉറപ്പിക്കാം. 2–ാം വാക്യത്തിൽ മാത്രമാണ് ലുസ്ത്രയും ഇക്കോന്യയും പറഞ്ഞിരിക്കുന്നത്. (തിമൊഥെയൊസ് ദെർബ്ബയിൽ നിന്നായിരുന്നുവെങ്കിൽ, ലുസ്ത്രയിലും ഇക്കോന്യയിലും നല്ല സാക്ഷ്യം കൊണ്ടവൻ എന്നു പറഞ്ഞിരിക്കുന്നു, എന്നാൽ അവന്റെ ജന്മദേശത്തായിരിക്കയില്ല.)

[11]ജെ.ഡബ്ലിയു. മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്,* വാല്യം 2 (ഡിലൈറ്റ് ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിംഗ് കമ്പനി, n.d.), 48. [12]കെൻ.ആർ.ഡർഹാം, "സീൻസ് ഇൻ ഫിലിപ്പി" ആക്ട്സ്, ദി സ്പ്രെഡിങ്ങ് ഫെയിം (സിയേഴ്സി, ആർക്ക്.: ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, 1989), 187. [13]യൂനീക്ക ക്രിസ്ത്യാനിയായതുപോലെ ലൂവീസും ക്രിസ്ത്യാനിയായി എന്നു പൗലൊസ് പറഞ്ഞിട്ടില്ല. പക്ഷേ അത് 2 തിമൊഥെയൊസ് 1:5-ൽ അന്തർലീനമാണ്. [14]പൗലൊസിന്റെ മിഷണറി യാത്ര

യിൽ അവനു പതിനഞ്ചു വയസായിട്ടാണ് മെക്ഗാർവേ കണക്കാക്കിയിരുന്നത് അതിനു ശേഷം ഏതാണ്ട് ഇരുപതു വർഷങ്ങൾ പിന്നിട്ടപ്പോഴും തിമൊഥെയൊസിനെ "യുവാവ്" ആയിട്ടാണ് പറഞ്ഞത് (1 തിമൊഥെയൊസ് 4:12), അവൻ ആദ്യം പൗലൊസിനെ കണ്ടപ്പോൾ വളരെ ചെറുപ്പം ആയിരുന്നേക്കാം. [15]"പൂജിക്കലിൽ നിന്നു അപമാനിക്കുന്നതിലേക്ക്" എന്ന പാഠത്തിലെ 14:20 ന്റെ നോട്ടുകൾ ശ്രദ്ധിക്കുക. [16]ചിലപ്പോൾ മക്കൾ ഉള്ള മാതാപിതാക്കൾക്കു മക്കളില്ലാത്തവരെ പോലെ, കർത്തു സേവക്കു സമയം കിട്ടുന്നില്ലല്ലൊ എന്ന കുറ്റബോധം തോന്നാറുണ്ട്. എന്നാൽ മക്കളെ കർത്തുവേലയിൽ പരിശീലിപ്പിക്കുന്നതു വലിയൊരുസേവന വഴിയിൽ എങ്ങനെ വസിപ്പിച്ച് സ്വാധീനമുള്ളതാക്കാം എന്നതിന് ഊന്നൽ കണ്ടെടുക്കണം. [17]"പൂജിക്കലിൽ നിന്നു അപമാനിക്കലിലേക്ക" എന്ന പാഠത്തിലെ 14:6 ലെ നോട്ടുകൾ ശ്രദ്ധിക്കുക. [18]അക്കാലത്ത് വിവാഹങ്ങൾ വീട്ടുകാർ ആലോചിച്ചു നടത്തിയിരുന്നു. ഞാൻ വിചാരിക്കുന്നത് ഇതു യുനീക്കയുടെ തീരുമാനം ആയിരുന്നില്ല എന്നാണ്, അവളുടെ അപ്പന്റേയായിരുന്നേക്കാം തിമൊഥെയൊസിന്റെ വല്യപ്പൻ പൗലൊസിനെപോലെ ഒരു യുവാവിനെ സ്വാധീനമുള്ളവനാക്കാൻ പറ്റിയവനായിരുന്നില്ല. സാമ്പത്തികാരണമായിരിക്കാം ജാതിയിൽപെട്ട വിവാഹബന്ധത്തിനു കാരണമായത്. [19]തിരുവചനത്തെ സ്നേഹിക്കുന്നവരുടെ ഉദാഹരണമായിട്ടാണ് ലൂവിസിനെയും യൂനീക്കയെയും പൗലൊസ് എടുത്തു കാണിച്ചിരിക്കുന്നത്. തിമൊഥെയൊസിന്റെ അപ്പൻ സമ്മതിക്കാത്തതുകൊണ്ടാകാം. അക്കാലത്ത് ഭർത്താക്കന്മാരുടെ ആജ്ഞകൾ ശിരസാവഹിക്കുക മാത്രമെ ഭാര്യമാർക്കു നിർവ്വാഹമുള്ളു. [20]ഒരു ക്രിസ്ത്യാനി, ക്രിസ്ത്യാനിയല്ലാത്ത ആളെവിവാഹം കഴിക്കാൻ ഞാൻ പ്രോത്സാഹിപ്പിക്കില്ല. പലരുടേയും കുടുംബം മതപരമായി വിജ്ജിക്കപ്പെടുന്നതായി കാണാം.

[21]മെക്ഗാർവേയുടെ വിലയിരുത്താൻ ശരിയാണ്. പൗലൊസ് മടങ്ങിവന്നപ്പോൾ തിമൊഥെയൊസിന് ഏതാണ്ട് പതിനെട്ടുവയസായി കാണും. [22]പൗലൊസിന്റെ ഒന്നും രണ്ടും മിഷണറിയാത്രയുടെ ചിത്രവും "പൂജിക്കലിൽ നിന്നു അപമാനത്തിലേക്ക്" എന്ന പാഠത്തിലെ 14:6 ന്റെ നോട്ടുകളും നോക്കുക. [23]ഞാൻ പതിനേഴാമത്തെ വയസിൽ പ്രസംഗിക്കാൻ തുടങ്ങി, പതിനെട്ടാമത്തെ വയസിൽ ഒരു ഇടവകയിൽ എല്ലാഞായറാഴ്ച്ചയും എന്നോട് പ്രസംഗിക്കാൻ ആവശ്യപ്പെട്ടു. അതു ഞാൻ യുവവായിരുന്നപ്പോൾ അസാധാരണമായിരുന്നില്ല. അതുപോലെ ആയിരിക്കാം തിമൊഥെയൊസിന്റെ കാര്യത്തിലും. [24]"[T] വിടെ യാതൊരു സംശയവുമില്ല ആഘോഷം നടത്തിയത് മൂപ്പന്മാർ അവനെ [തിമൊഥെയൊസിനെ] സുവിശേഷ പ്രസംഗത്തിനായി വേർതിരിച്ചയാക്കുന്നതായിരുന്നു; അതിൽ മറ്റൊരു കാരണവും വേറെ കാണാനില്ല" (മെക്ഗാർവേ, 81). [25]അനേക വ്യാഖ്യാതാക്കൾ വിചാരിക്കുന്നത്, 1 കൊരിന്ത്യർ 16:10 ഉം 2 തിമൊഥെയൊസ് 1:6, 7 ഉം പറയുന്നത്, ഭീരുക്കളെയും കർത്താവിനു ഉപദേശിപ്പാനും പ്രസംഗിപ്പാനും ആയി ഉപയോഗിക്കാൻ കഴിയും ഫിലിപ്പിയർ 4:13 മറക്കരുത്. [26]എന്നേക്കാൾ ഗ്രീക്ക് അറിയുന്നവൻ പറയും. 16:1 ലും 3 ലും ഉപയോഗിച്ചിരിക്കുന്ന കാലം ആതാണ് സൂചിപ്പിക്കുന്നത്. വേറെ നമുക്കറിയാമെന്നതുകൊണ്ട്: തിമൊഥെയൊസിനെ പൗലൊസിനോട് കൂടെ പോകുവാൻ അനുവദിച്ചു. ആരും തിമൊഥെയൊസിന്റെ പരിഛേദനയെ എതിർത്തതുമില്ല. യുനീക്ക അപ്പോൾ വീട്ടു കാര്യത്തിന്റെ തിരക്കിലായിരുന്നേക്കാം. [27]അവരെ സഹായിക്കുന്നതിനു ഇടവകകളെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടതാകാം രണ്ടാമത്തെ കാരണം. [28]"യവനൻ" എന്നതിന്റെ അർത്ഥം ഒരുപക്ഷേ "യവനഭാഷ - സംസാരിക്കുന്ന ജാതി" എന്നാകാം. [29]അവരുടെ "യുക്തിസഹജമായ തത്വം" ഒരു കുട്ടിയുടെ പിതാവ് ആരെന്നു തീർത്തു പറയാൻ സാദ്ധ്യമല്ലെങ്കിലും, അമ്മ ആരാണെന്നു തീർത്തു പറയാം. അതുകൊണ്ട് അമ്മ യെഹൂദസ്ത്രീ ആകകൊണ്ട് കുട്ടിയും യെഹൂദൻ തന്നെ." [30]പരിഛേദന പൗലൊസിന് ഒരു വേറിട്ടകാര്യമായിരുന്നു (ഗലാത്യർ 5:6; 6:15); രക്ഷയുടെ നിബന്ധനയായി ആളുകളിൽ അടിച്ചേല്പിക്കുന്നതാണ് തെറ്റ് ന്യായപ്രമാണത്തിനു മുൻപുണ്ടായിരുന്ന ഒരു പരിശീലനമായിരുന്നു പരിഛേദന (യോഹന്നാൻ 7:22); മോശെയുടെ ന്യായപ്രമാണത്തിനു വളരെ മുൻപുതന്നെ യിസ്രായേൽ മക്കൾ പരിശീലിച്ചിരുന്നതാണ്.

[31]എഫ്.എഫ്.ബ്രൂസ്, *ദി ബുക്ക് ഓഫ് ദി ആക്ട്സ്,* റെവ്, ed., ദി ന്യൂ ഇന്റർന്യാഷണൽ കമെന്ററി ഓൺ ദി ന്യൂടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്.മൈക്.: ഡബ്ലിയു. എം.ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി, 1988), 34. [32]വാരെൻ ഡാബ്ലിയു.വിയേഴ്സ്ബെ, *ദി ബൈബിൾ എക്സ്പൊസിഷൻ കമെന്ററി,* വാല്യം 1 (വീറ്റൺ, Ill.: വിക്ടർ ബുക്സ്, 1989), 467. [33]ശാരീരികമായി ആർക്കെങ്കിലും നിർബ്ബന്ധിച്ചു തിമൊഥെയസിനെ പരിഛേദകഴിപ്പിക്കുക സംശയമാണ്. കൂടാതെ രക്ഷിക്കപ്പെടുവാൻ അവൻ പരിഛേദന ഏറ്റതല്ല - എന്നാൽ പൗലൊസിന്റെ സഹയാത്രക്കാരനാവാൻ വേണ്ടിയായിരുന്നു തിമൊഥെയൊസ് പരിഛേദന ഏറ്റത് - എന്നാൽ ആരും അവനെ പൗലൊസിന്റെ കൂടെ പോകുവാൻ നിർബന്ധിച്ചില്ല. [34]യുവതികളെയും പരിശീലിപ്പിക്കേണ്ടിയിരുന്നു (തിമൊഥെയൊസ് 2:3-5); എന്നാൽ യുവാവായിരുന്ന തിമൊഥെയൊസിനെ പരിഗണിച്ചതുകൊണ്ട്, ഈ അവതരണത്തിൽ ഞാൻ യുവാക്കളെയാണ് ഇതിൽ ഉൾപ്പെടുത്തുന്നത്. [35]നാം ഇതിനെ പലപ്പോഴും "പൗലൊസും - തിമൊഥെയൊസും തമ്മിലുള്ള ഏർപ്പാടായിട്ടാണ്" സൂചിപ്പിക്കുന്നത്. അതു മറ്റുതരത്തിലുള്ള പരിശീലനത്തെ കുറച്ചുകാണിക്കുന്നില്ല. ഓരോന്നിനും അതിന്റേതായ ഗുണവും ദോഷവും ഉണ്ട്. [36]ഈ സമയത്ത് പൗലൊസ് തിമൊഥെയൊസിന്റെ മേൽ കൈവെച്ചില്ല എന്നതിനാണ് സാദ്ധ്യത. തിമൊഥെയൊസ് തന്നെ അതിനു പറ്റിയവൻ എന്നു തെളിയിച്ചപ്പോൾ പൗലൊസ് കൈവെച്ചിരിക്കാം. [37]വേറെ ഇടവകകൾ സ്ഥാപിച്ചോ എന്നു നമുക്കു തീർച്ചയില്ല. 13:13, 14; 14:24, 25 നോക്കുക; കൂടാതെ "വിവാദത്തെ കൈകാര്യം ചെയ്യുന്നതിനു കൂടുതൽ സൂചന" എന്നതിലെ പ്രവൃത്തികൾ 5 ലെ നോട്ടുകൾ കൂടെ നോക്കുക. [38]പ്രവർത്തികൾ 5ലെ "വിവാദങ്ങൾ കൈകാര്യം ചെയ്യുവാൻ കൂടുതൽ സൂചന" എന്നതിന്റെ നോട്ടുകൾ നോക്കുക. [39]പൗലൊസിന്റെ സന്ദർശനത്തിന്റെ പ്രാധമികമായ ഉദ്ദേശമായിരുന്നു ഇത്. സഭകൾ പൊതുവിൽ "വിശ്വാസത്തിൽ ബലപ്പെട്ടു" അതു പൗലൊസും ശീലാസും നല്കിയ ഉപദേശത്താലും പ്രബോധനത്താലും ആയിരുന്നു. ദുരുപദേഷ്ടാക്കൾ എന്ന പേരിൽ ആ പ്രദേശത്തുണ്ടായിരുന്ന യെഹൂദ ഉപദേഷ്ടാക്കളിലും പ്രത്യേകമായി "വിശ്വാസത്താൽ ശക്തിപ്പെട്ടു." [40]ഈ ലൂക്കൊസിന്റെ മൂന്നാമത്തെ "പുരോഗമന വിവരണമായിരുന്നു", സഭകൾ "ശക്തിപ്പെട്ടപ്പോൾ" അവർ ദിവസേന എണ്ണത്തിൽ പെരുകയോ നാം ദിവസേന വർദ്ധിക്കുന്നില്ലെങ്കിൽ നമുക്കു ഗൗരവമായി ശക്തിപ്പെടൽ വേണ്ടിയിരിക്കുന്നു.

[41]ഇതൊരു റോമൻ പ്രദേശമായിരുന്നു, ഇപ്പോൾ ഏഷ്യാ എന്നറിയപ്പെടുന്ന സ്ഥലമല്ല. [42]അടിക്കടി അവന്റെ ലക്ഷ്യസ്ഥാനമായിരുന്നു ഇതെന്നു തോന്നുന്നു (18:19-21; 19:1). [43]എഫ്.ജെ.എ.ഹോർട്ട്, *പ്രോലീഗൊമെനാടു റോമൻസ് ആന്റ് എഫേഷ്യൻസ്* (ലണ്ടൻ: എൻ.വി., 1895), 83. [44]പ്രവൃത്തികൾ 20:23; 21:4, 10, 11 തീർച്ചയായും, പരിശുദ്ധാത്മാവ് മറ്റൊരു രീതിയിലും അവരോട് ആശയവിനിമയം നടത്തിയിരിക്കാം. [45]പൗലൊസ് പിന്നീട് ആസ്യയിൽ പ്രവർത്തിച്ചിട്ടുണ്ട് (പ്രവൃത്തികൾ 19) അതുകൊണ്ട് "ഇപ്പോൾ അല്ല" എന്ന മറുപിടിയായിരുന്നു അല്ലാതെ ഒരിക്കലും "അല്ല" എന്ന മറുപടിയായിരുന്നില്ല, അവൻ ആ വാതിൽ പിന്നീട് തുറക്കും (1 കൊരിന്ത്യർ 16:8, 9). [46]ഈ സ്ഥലം പിന്നീട് സുവിശേഷീകരിക്കപ്പെട്ടു, ഒരു പക്ഷേ പത്രൊസിനാൽ ആയിരുന്നേക്കാം (1 പത്രൊസ് 1:1). [47]"യേശുവിന്റെ ആത്മാവ്" എന്ന പ്രയോഗം തിരുവെഴുത്തിൽ വേറെ ഒന്നുമില്ല. [48]ഒരു പുതിയ സ്ഥലത്തു പോകുമ്പോൾ ചോദ്യങ്ങളിൽ ഉണ്ടാകുന്നത് "ഇവിടെ ക്രിസ്ത്യാനികളായ ഡോക്ടർമാർ ഉണ്ടോ" എന്നാണ്. [49]പറയപ്പെടുന്നവയിൽ ഇതു ഉൾപ്പെടുന്നു: ലൂക്കൊസ് ഫിലിപ്പിയയിലുള്ള തന്റെ സ്വദേശത്തേക്കുള്ള കപ്പൽ കാത്തു കിടക്കുകയായിരുന്നു ത്രോവാസിലെത്തി പൗലൊസിനേയും സംഘത്തെ തന്റേ സ്ഥലത്തേക്കു ചെല്ലുവാൻ പ്രോത്സാഹിപ്പിച്ചിരിക്കാം. ലൂക്കൊസ് കപ്പലിൽ ഒരു ഡോക്ടറുടെ ജോലിക്കു ശ്രമിക്കുകയായിരുന്നു; അവസാനം പറഞ്ഞിരിക്കുന്നതിനു സാദ്ധ്യത കുറവാണെന്നു 10-ാം വാക്യം (മറ്റുവാക്യങ്ങളും) നോക്കിയാൽ വ്യക്തമാകും. [50]"ഡ്രീം ടീം" എന്ന പ്രയോഗം അമേരിക്കയിലെ ഔദ്യോഗിക ബാസ്ക്കറ്റ് ബാൾ ടീമിനെ അമേരിക്കൻ ഒളിമ്പിക്സിൽ അറിയപ്പെട്ടതാണ്.

## പ്രവൃത്തികൾ 15:20, 29 ലെ വിലക്കുകൾ നമ്മെ ബാധിക്കുന്നുവോ?

പ്രവൃത്തികൾ 15:20 ഉം 29 ഉം ആദിമ സഭയിൽ എത്രത്തോളമായിരുന്നു ചില വിലക്കുകൾ പ്രാബല്യത്തിലിരുന്നത് എന്നതിനെപ്പറ്റി പണ്ഡിതന്മാർ യോജിക്കുന്നില്ല. ചിലർ (ഞാൻ അവരെ "1-ാം ഭാഗക്കാർ" എന്നു വിളിക്കട്ടെ) പറയുന്നതു ഈ വിലക്കു ഒരു പ്രത്യേക സാഹചര്യത്തേക്കു മാത്രമായിരുന്നു എന്നാണ്. മറ്റുള്ളവർ (ഞാൻ അവരെ "2-ാം ഭാഗക്കാർ" എന്നു വിളിക്കട്ടെ), വിലക്ക് സാർവ്വലൗകികമാണെന്നും ഇന്നും ആചരിക്കണമെന്നും പറയുന്നു.

2-ാം ഭാഗക്കാർ എടുത്തുകാണിക്കുന്നതു പ്രവൃത്തികൾ 15:28 ലെ "അത്യാവശ്യങ്ങൾ" ("അവശ്യ കാര്യങ്ങൾ"; KJV), എന്നാൽ 1-ാം ഭാഗക്കാർ പറയുന്നതു, ഇതു "രക്ഷക്കു ആവശ്യം" എന്നതിനേക്കാൾ "യെഹൂദന്മാർക്കും ജാതികൾക്കും കൂട്ടായ്മ ഉണ്ടാക്കുവാൻ ആവശ്യമായതാണ് എന്നത്രേ." 2-ാം ഭാഗക്കാർ പറയുന്നതു, "പരിശുദ്ധാത്മാവ് പുതിയ നിയമത്തിൽ ലേഖന നിർദ്ദേശത്തോടെ നല്കിയിരിക്കുന്നതിനാൽ നാമും പിൻപറ്റേണ്ടതിനാണ് എന്നാണ്," എന്നാൽ 1-ാം ഭാഗക്കാർ പറയുന്നതു അതു ഇന്നു ആവശ്യമുള്ളത് എന്നാണ്. മറിച്ച്, 1-ാം ഭാഗം പറയുന്നതു പ്രവൃത്തികൾ 15 ലെ വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കയാണ് (1) ആദിമ സഭയിലെ ചരിത്ര പ്രാധാന്യഭാഗം ആണ് (2) എങ്ങനെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യണമെന്നു *പൊതുവിൽ* പഠിപ്പിക്കുന്നതിനാണ്.

1-ാം ഭാഗം പറയുന്നതു ലേഖനം ഒരു മിതമായ സദസ്യർക്കുള്ളതായിരുന്നു എന്നാണ് (15:23), എന്നാൽ 2-ാം ഭാഗക്കാർ ഊന്നിപറയുന്നത് ലേഖനത്തിനു അതിൽ കൂടുതൽ അർത്ഥമുണ്ടെന്നാണ് (16:4, 6). അതിലുപരി, 2-ാം ഭാഗക്കാർ പറയുന്നതു പൗലൊസിന്റെ ലേഖനങ്ങൾ ഓരോന്നും മിതമായ സദസ്യർക്കാണ് (റോമർ 1:7; 1 കൊരിന്ത്യർ 1:2 മുതലായവ), എന്നാൽ ആ ലേഖനങ്ങളിലെ നിർദ്ദേശങ്ങൾ നമ്മെ ബാധിക്കുന്നുണ്ടല്ലോ. 1-ാം ഭാഗക്കാർ ചോദിക്കുന്നത്, "പ്രവൃത്തികൾ 15 ലെ ലേഖനം സാർവ്വദേശിയമാണെങ്കിൽ, യെരുശലേം യോഗത്തിൽ ചർച്ച ചെയ്ത പരിഛേദന ക്രിസ്ത്യാനികളിൽ അടിച്ചേല്പിക്കരുത് എന്നതു എന്തുകൊണ്ട് പൗലൊസ് ഇതേ കാര്യം ഗലാത്യർക്ക് എഴുതിയപ്പോൾ പറഞ്ഞില്ല. പൗലൊസിന്റെ ഗലാത്യർക്കുള്ള ലേഖനം അതുപോലെ കൊരിന്ത്യർക്ക് എഴുതുമ്പോൾ വിഗ്രഹാർപ്പിതങ്ങളെ ഭക്ഷിക്കുന്നതിനെക്കുറിച്ചു പറഞ്ഞപ്പോൾ എന്തുകൊണ്ട് പ്രവൃത്തികൾ 15 ലെ വിലക്കുകൾ പറഞ്ഞില്ലാ?" ഭാഗം 2 മറുപടി നല്കുന്നു, "പൗലൊസിന്റെ ഗലാത്യർക്കുള്ള ലേഖനത്തിൽ എന്റെ മനസ്സിലാക്കലിന് ആരംഭ അപ്പൊസ്തലന്മാർ ഒന്നും സംഭാവന ചെയ്തില്ല എന്ന് പൗലൊസ് പറയുന്നു (ഗലാത്യർ 2:6). ആരംഭ അപ്പൊസ്തലന്മാരെ കുറിച്ചു പറയുന്നത് എതിരിടുന്ന വസ്തുതയായി വരുന്നു. കൊരിന്ത്യർക്കുള്ള പൗലൊസിന്റെ ലേഖനത്തിൽ ക്രിസ്ത്യാനികളോട് പറയുന്നത് വിഗ്രഹങ്ങളുടെ

മുൻപിൽ വച്ച ഭക്ഷണം കഴിക്കുന്നതിന് തനിക്ക് അവകാശം ഉണ്ട് എന്നും, പക്ഷേ ഇടർച്ച ഒഴിവാക്കുവാൻ ക്രിസ്ത്യാനികൾ വിഗ്രഹങ്ങളുടെ മുമ്പിൽ വെച്ചതാണെന്നറിഞ്ഞാൽ അത് ഭക്ഷി*ക്കരുത്* (1 കൊരിന്ത്യർ 10:23–33) വേറൊരു വിധത്തിൽ പറഞ്ഞാൽ, പൗലൊസ് പ്രവൃത്തികൾ 15 ലെ ലേഖനത്തിൽ പറഞ്ഞതു തന്നെയാണ്ഇവിടെയും. മറ്റുള്ളവർ നിമിത്തം, വിഗ്രഹങ്ങളുടെ മുൻപിൽ അർപ്പിച്ച മാംസം തിന്നരുത്: മറ്റുള്ളവർ നിമിത്തം, വിഗ്രഹങ്ങളുടെ മുമ്പിൽ വെച്ച ഭക്ഷണം കഴിക്കരുത്."

പുതിയ നിയമം പൊതുവായി ദുർന്നടപ്പും വിഗ്രഹാർപ്പിത മാംസവും വിലക്കിയിരിക്കുന്നു എന്നു മിക്കപേരും സമ്മതിക്കും (1 തെസ്സലൊനിക്യർ 4:3, 5; 1 കൊരിന്ത്യർ 10:19–21; വെളിപ്പാട് 2:14, 20). വിയോജിപ്പിന്റെ ഭൂരിഭാഗവും, അതുകൊണ്ട്, എടുക്കുന്നത് രക്തം ഭക്ഷിക്കുക/കുടിക്കുക, എന്നതു പുതിയ നിയമത്തിൽ മറ്റെവിടെയും പറഞ്ഞിട്ടില്ല. പാഠത്തിൽ പറഞ്ഞതുപോലെ "വിവാദങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള കൂടുതൽ സൂചനകൾ" ഈ പരിശീലനം മോശെയുടെ ന്യായപ്രമാണത്തിനു മുൻപുണ്ടായിരുന്നു (ഉല്പത്തി 9:4) ന്യായപ്രമാണത്തിലും ഉണ്ടായിരുന്നു (ലേവ്യാപുസ്തകം 17:8–16). ഈ വിലക്കിനു വേദശാസ്ത്ര കാരണങ്ങളും പറയാത്ത പ്രായോഗിക കാരണവുമുണ്ട്: പകരുന്ന രോഗം തടയുക.

ന്യായപ്രമാണം നല്കുന്നതിനു മുൻപു തന്നെ രക്തം ഭക്ഷിക്കുന്നതും/കുടിക്കുന്നതും വിലക്കിയതുകൊണ്ട്, അതിൽ ദൈവം എല്ലായ്പ്പോഴും ഒരു പൊതുതത്വം എടുത്തിട്ടുണ്ട്. അതുകൊണ്ട്, ഞാൻ രക്തം ഭക്ഷിക്കുകയോ കുടിക്കുകയോ ചെയ്യുന്നില്ല. എങ്ങനെയായാലും ഈ കാര്യത്തിൽ സൈദ്ധാന്തികമായി എനിക്ക് അതാവുകയില്ല. "ഓരോരുത്തരും അവനവന്റെ മനസ്സിൽ ഉറച്ചിരിക്കട്ടെ" (റോമർ 14:5).

(രക്തം ഭക്ഷിക്കരുത്/കുടിക്കരുത് എന്ന തത്വം ഇന്നു നമ്മെ ബാധിക്കയാണെങ്കിലും, ആ വിലക്കൽ രക്തം നല്കുന്നത് യെഹോവ സാക്ഷിക്കാർ അവകാശപ്പെടുന്നതു പോലെ വിലക്കുന്നില്ല.)